LIBRARY ARCHIVES Kerala Legislative Assembly

വിഷവൈദ്യശാലകൾ

*൧൨൪൫. (൯൬) ശ്രീ. കെ. കെ. കണ്ണൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു-കൊച്ചി സ്റ്റേറ്റിൽ ആകെ എത്ര വിഷ വൈദ്യശാലകൾ ഉണ്ട്;

(ബി) അവയിൽ ഒന്നാം ഗ്രെയിഡ് വൈദ്യശാലകൾ എത്ര;

(സി) അവയിൽ ഗ്രാൻറ് ഇൻ എയിഡ് വൈദ്യശാലകൾ എത്ര; ഗവ മെൻറ് വൈദ്യശാലകൾ എത്ര;

(ഡി) ഗ്രാൻറ് ഇൻ എയിഡ് വൈദ്യശാലകൾക്ക് കാരോന്നിനും ഗ്രെയിഡ് അനുസരിച്ച് കൊല്ലത്തിൽ എത്ര രൂപാവീതമാണ് ഗ്രാൻറ കൊടുക്കുന്നത്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൯൫.

(ബി) തിരുവിതാംകൂർവിഭാഗത്തിൽ ഒന്നാംഗ്രെയിഡ് വിഷവൈദ്യശാലകൾ ഇല്ല. എന്നാൽ കൊച്ചി വിഭാഗത്തിൽ കൊച്ചിയിലെ നിയമങ്ങൾക്ക് വിധേയമായി ൧൫ ഒന്നാംഗ്രെയിഡ് (grant-in-aid) വിഷവൈദ്യശാലകൾ ഉണ്ട്.

(സി) ഗ്രാൻറ് ഇൻ എയിഡ് വൈദ്യശാലകൾ ആകെ ൨൭. ഗവ മെൻറ് വിഷവൈദ്യശാലകൾ ൧൧.

(ഡി) കൊല്ലംതോറും ൨൫൦ ക. ലഭിക്കുന്ന ഗ്രാൻറ് ഇൻ എയിഡ് വിഷവൈദ്യശാല ൧.

കൊല്ലംതോറും മരുന്നിനുപുറമെ ൧൨൦ ക. വീതം ലഭിക്കുന്നവ ൧൫.

കൊല്ലംതോറും ൧൨൦ ക. മാത്രം ലഭിക്കുന്നവ ൨൭.

കൊല്ലംതോറും മരുന്നുമാത്രം ലഭിക്കുന്നവ ൨ ൧.

വിഷവൈദ്യന്മാർ

*൧൨൪൬. (൯൭) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആയുർവ്വേദവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തിൽ ആയുർവ്വേദ വിഷ വൈദ്യന്മാർക്ക് അവരുടെ സേവനങ്ങൾക്ക് അലവൻസു് നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് അലവൻസു് നൽകുന്നുണ്ടു്;

(സി) എത്ര സംഖ്യ ഓരോരുത്തർക്കും അലവൻസായി നൽകുന്നുണ്ടു്;

(ഡി) ടി അലവൻസ് കൂട്ടികിട്ടുന്നതിനു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഗ്രാൻറ് ഇൻ എയിഡ് രൂപത്തിൽ ൯൯ വിഷവൈദ്യന്മാർക്ക് അലവൻസ് നൽകുന്നുണ്ടു്.

(സി) ഒരാൾക്ക് മാസംതോറും ൨൦ ക. യും, ബാക്കി ൯൨ പേർക്ക് മാസംതോറും ൧൫ ക. യും.

(ഡി) ഉണ്ടു്.